(ഖ) *ആശാ ഭവൻ (മെൻ)* : മാനസിക രോഗം ഭേദമായിട്ടും ബന്ധുജനങ്ങളാരും സംരക്ഷിക്കാൻ തയ്യാറാകാത്തവരെ സംരക്ഷിക്കുന്നതിനായി മൂന്ന് സ്ഥാപനങ്ങൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥാപിച്ചു.

(ബി) തിരുവനന്തപുരം കുമാരപുരത്ത് ശ്രീചിത്രാ ഹോമിന്റെ അധീനതയിലുള്ള ഭൂമിയിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ശ്രീചിത്രാ ഹോം മാനേജിംഗ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. വൃദ്ധസദനം നിർമ്മിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

സ്പെഷ്യൽ ഇക്കണോമിക് സോണുകളുടെ എണ്ണം

16 [953] ശ്രീ. വർക്കല കഹാർ :
" പ്രയാർ ഗോപാലകൃഷ്ണൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്പെഷ്യൽ ഇക്കണോമിക് സോണുകളുണ്ട് ;

(ബി) എന്തെല്ലാം വ്യവസായങ്ങളെ സംബന്ധിക്കുന്നതാണ് ഈ സ്പെഷ്യൽ ഇക്കണോമിക് സോണുകൾ എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവ അനുവദിച്ചത് ഏത് സർക്കാരിന്റെ കാലത്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊച്ചിയിൽ കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ നിലവിൽ പ്രവർത്തിച്ചുവരുന്നു.

ഇതുകൂടാതെ കേന്ദ്ര വാണിജ്യ മന്ത്രാലയം താഴെ പറഞ്ഞിരിക്കുന്ന 6 സാമ്പത്തിക മേഖലകൾ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്:

(1) വല്ലാർപാടം, പുതുവൈപ്പിൻ, കൊച്ചി.
(2) കാക്കഞ്ചേരി, കോഴിക്കോട്.
(3) കളമശ്ശേരി, കൊച്ചി.
(4) കഴക്കൂട്ടം, തിരുവനന്തപുരം.
(5) ഐ. ടി. പാർക്ക്, തിരുവനന്തപുരം.
(6) ഇൻഫോ പാർക്ക്, കൊച്ചി.

(ബി) നിലവിലുള്ള കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ ഒരു വിവിധ ഉൽപ്പന്ന മേഖലയാണ്.

(സി) കേന്ദ്ര സർക്കാർ അനുവദിച്ചത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്.

LIBRARY ARCHIVES Kerala Legislative Assembly